(ബി) റേഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലെ നിയമനങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളുടെ ഉയരത്തിൽ 5 സെ.മീ ഇളവ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിക്ക് അയച്ച കത്തിന്റെ പകർപ്പ് അനുബന്ധമായി ഇതോടൊപ്പം ചേർക്കുന്നു.*

(സി) ഇത് സംബന്ധിച്ച് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ വിശദീകരണം തേടിയിട്ടില്ല. റേഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലെ നിയമനങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളുടെ ശാരീരികയോഗ്യതകളിൽ ഇളവ് അനുവദിക്കുന്നതിനായി 2010-ലെ കേരള ഫോറസ്റ്റ് നിയമത്തിൽ ഭേദഗതി ചെയ്യുന്നതിന് ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സർക്കാരിൽ സമർപ്പിച്ച ശുപാർശയുടെ പകർപ്പ് അനുബന്ധമായി ഇതോടൊപ്പം ചേർക്കുന്നു.*

കടുവാ സങ്കേതങ്ങൾ

320 (331) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം സ്ഥലങ്ങളാണ് കടുവാസങ്കേതങ്ങളായി പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;

(ബി) വയനാട് ജില്ലയിൽ ഏതെല്ലാം സ്ഥലങ്ങളാണ് കടുവാ സങ്കേതങ്ങളായി പ്രഖ്യാപിച്ചിരിക്കുന്നതെന്നും ആയതിന്റെ അതിർത്തികൾ എവിടെവരെയാണെന്നും വിശദമാക്കാമോ ;

(സി) വയനാട് ജില്ലയിൽ പുതിയ കടുവാസങ്കേതങ്ങൾ പ്രഖ്യാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ ആയത് സംബന്ധിച്ച സർവ്വെ നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് രണ്ട് കടുവാ സങ്കേതങ്ങളാണ് പ്രഖ്യാപിച്ചിട്ടുള്ളത്. അവ പെരിയാർ കടുവാ സങ്കേതം, പറമ്പിക്കുളം കടുവാ സങ്കേതം എന്നിവയാണ്.

(ബി) നിലവിൽ വയനാട് ജില്ലയിൽ കടുവാ സങ്കേതങ്ങൾ ഒന്നുംതന്നെ പ്രഖ്യാപിച്ചിട്ടില്ല.

(സി) വയനാട് ജില്ലയിൽ പുതിയ കടുവാ സങ്കേതങ്ങൾ പ്രഖ്യാപിക്കുന്നതിന് തീരുമാനിച്ചിട്ടില്ല.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly